LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് തനതുവരവിൽ നികുതി, നികുതിയേതര വരുമാനങ്ങൾ ഉൾപ്പെടുന്നു. കെട്ടിട നികുതി (വസ്തു നികുതി), തൊഴിൽ നികുതി, പരസ്യ നികുതി, വിനോദ നികുതി, സർവ്വീസ് നികുതി എന്നിവയാണ് നികുതി വരുമാനങ്ങൾ. രജിസ്ട്രേഷൻ ഫീസ്, പകർപ്പ് ഫീസ്, അംശദായങ്ങളും, മേലാദായങ്ങളും, പാട്ടഫീസ്, ലേലം, വാടക, പെർമിറ്റ് ഫീസ്, പിഴ, ജനന മരണ സർട്ടിഫിക്കറ്റ്, സെർച്ച് ഫീസ്, N.A.C late fees, വിവാഹ രജിസ്ട്രേഷൻ, വിവാഹ സാക്ഷ്യപത്രം, വിവാഹ രജിസ്ട്രേഷനിലെ പിഴ, പൊതുശ്മശാനങ്ങൾ, അറവുശാലകൾ എന്നിവയിൽ നിന്നും നികുതിയേതര വരുമാനങ്ങളും കണ്ടെത്താവുന്നതാണ്.

(ബി) നികുതി-നികുതിയേതര വരുമാനങ്ങൾ സ്വരൂപിക്കുന്നതിന് നിലവിൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മാലിന്യ നിർമ്മാർജ്ജനത്തിന് ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ

286 (1659) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാലിന്യനിർമ്മാർജ്ജനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ സ്ഥാപിക്കുന്നത് പരിഗണന യിലുണ്ടോ ;

(ബി) എങ്കിൽ ആയതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) ഉണ്ട്. 9-3-2012 ലെ സ.ഉ (സാധാ) നമ്പർ 718/2012/തസ്വഭവ പ്രകാരം ഡോ. ആർ. വി. ജി. മേനോൻ കമ്മിറ്റി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുള്ള വിവിധ മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ അപ്പാർട്ട്മെന്റ്, റസിഡൻഷ്യൽ കോളനി തലത്തിൽ ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ മെഷീൻ സ്ഥാപിക്കാമെന്നും എന്നാൽ ഇതിന്റെ കാര്യക്ഷമത നിശ്ചിത സമയം കഴിഞ്ഞ് ഒരു സ്വതന്ത്ര ഏജൻസിയെകൊണ്ട് പരിശോധിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ തിരുവനന്തപുരത്തും തൃശ്ശൂരും സ്ഥാപിച്ച ഓർഗാനിക് 852/2017.

വേസ്റ്റ് കൺവെർട്ടിങ്ങ് മെഷീനുകളുടെ പെർഫോമൻസ് ആർ. വി. ജി. മേനോൻ കമ്മിറ്റി ഇവാലുവേറ്റ് ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം റസിഡൻഷ്യൽ കോളനി/ഫ്ളാറ്റ് തലത്തിൽ ഈ സംവിധാനം ആകാമെന്നും അതേ സമയം ഉയർന്ന ശേഷിയിലുള്ള തൃശ്ശൂർ മാതൃകയിലുള്ള ഓർഗാനിക് വേസ്റ്റ് കൺവെർട്ടിങ്ങ് മെഷീനിലെ വേസ്റ്റ് സംസ്കരണ ഉത്പന്നമായ കമ്പോസ്റ്റിന്റെ ഗുണമേന്മ പരിശോധിക്കപ്പെടണമെന്നും, പ്ലാന്റിലേക്ക് വരുന്ന മാലിന്യത്തിൽ നിന്നുമുള്ള ലീച്ചേറ്റ് മാനേജ് ചെയ്യാൻ സംവിധാനം വേണമെന്നും എല്ലാത്തരം ജൈവമാലിന്യവും ഈ സംവിധാനത്തിൽ ഫീഡ് ചെയ്ത് പഠന വിധേയമാക്കിയ ശേഷം മാത്രമേ ഇതര സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാവൂ എന്നും ശുപാർശ ചെയ്തിട്ടുണ്ട്.

2014-15 വർഷത്തെ ബജറ്റ് വിഹിതത്തിലെ എക്സ്പെൻഡിച്ചർ

287 (1660) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 2014-15 വർഷത്തെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി 2015 മാർച്ച് 31-ന് എത്രമാത്രം ചെലവ് ഉണ്ടായി എന്നതിന്റെ വിശദവിവരം നൽകുമോ ;

(ബി) പ്ലാൻ, നോൺ- പ്ലാൻ ഇനത്തിൽ പ്രത്യേകമായി എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഇനം തിരിച്ച് നൽകുമോ ?

ഉത്തരം

(എ & ബി)

31-3-2015-ലെ ലഭ്യമായ താല്ക്കാലിക കണക്കുപ്രകാരം ചെലവായ തുക (ലക്ഷത്തിൽ)

	പ്ലാൻ	നോൺ പ്ലാൻ	മൊത്തം
നഗരവികസനം	30956.35	6968.37	37924.72
പഞ്ചായത്ത്	23423.83	27141.81	50565.64
ഗ്രാമവികസനം	187209.13	19918.35	207127.48
മൊത്തം തുക	241589.31	54028.53	295617.84

LIBRARY ARCHIVES Kerala Legislative Assembly